## പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 134** | **25.04.2017-ൽ മറുപടിക്ക്**

## ജിഷ്ണു പ്രണോയ് യുടെ ദുരൂഹ മരണം സംബന്ധിച്ച കേസ്

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) പാമ്പാടി നെഹ്റു കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതിനോടനുബന്ധിച്ച കേസിൽ എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്;<br><br>(ബി) പ്രതികളുടെ പേരു വിവരവും അവർക്കെതിരെ ചുമത്തിയ വകുപ്പുകളും വ്യക്തമാക്കുമോ;<br><br>(സി) കേസിൽ എത്ര പ്രതികൾ ഇതിനകം മുൻകൂർ ജാമ്യം നേടിയിട്ടുണ്ട്; അവരുടെ പേരു വിവരവും അവർക്കെതിരെ ചുമത്തിയ വകുപ്പുകളും വ്യക്തമാക്കുമോ; ഇനി എത്ര പ്രതികളെ പിടികൂടാനുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (എ)<br>(ബി)<br>&<br>(സി) | തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ് മരണപ്പെട്ടത് സംബന്ധിച്ച് പഴയന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 19/17 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ 5 പ്രതികളാണുള്ളത്. 3-ാം പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ബാക്കിയുള്ള 4 പ്രതികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും മുൻകൂർ ജാമ്യം നേടി. ടി കേസ്സിലെ പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു. 1) കൃഷ്ണദാസ്, S/o. പി.കെ. ദാസ് (Chairman, Nehru Group of Institutions) 2) സഞ്ജിത്ത് കെ.വി. @ കണ്ണൻ, S/o. കെ.പി. വിശ്വനാഥൻ (PRO, Nehru College of Engineering and Research Centre, Pambadi, Thrissur District) 3) ശക്തിവേൽ, S/o. കുപ്പസ്വാമി (Vice Principal, Nehru College of Engineering and Research Centre, Pambadi, Thrissur District) 4) പ്രവീൺ സി.പി. S/o. പ്രഭാകരൻ (Asst. Professor, Nehru College of Engineering and Research Centre, Pambadi, Thrissur District) 5) ദിപിൻ, S/o. ദിലീപ് കുമാർ (Asst. Professor, Nehru College of Engineering and Research Centre, Pambadi, Thrissur District)<br>ഇത് സംബന്ധിച്ച് കേസ്സിന്റെ ആദ്യഘട്ടത്തിൽ u/s. 174 Cr.PC പ്രകാരം അസ്വാഭാവിക മരണത്തിനാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്. കേസിന്റെ തുടരന്വേഷണത്തിൽ സെക്ഷൻ 120(b), 384, 306, 323, 465, 468, 471, 201 r/w 34 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടുള്ളതിനാൽ ടി സെക്ഷനുകൾ ഉൾപ്പെടുത്തി അന്വേഷണം നടത്തി വരുന്നു. ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളായി മറ്റാരും ഉൾപ്പെട്ടിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) കേസുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയെ സമീപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനടിസ്ഥാനമായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | ടി കേസ്സിലെ 1-ാം പ്രതിക്ക് മുൻകൂർ ജാമ്യം അനുവദിച്ചതിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നതും അപ്പീൽ അപേക്ഷ ബഹുമാനപ്പെട്ട കോടതി നിരസിച്ചിരുന്നതുമാണ്. |

Deepak

**സെക്ഷൻ ഓഫീസർ**